## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6234** **10-07-2024 - ൽ മറുപടിയ്ക്ക്**

## പാലോട് റെയിഞ്ചിൽ നിർമ്മിച്ച ജണ്ടകളുടെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പാലോട് റെയിഞ്ചിൽ നിർമ്മിച്ച ജണ്ടകളുടെ ഗുണനിലവാരമില്ലായ്മ സംബന്ധിച്ച് തിരുവനന്തപുരം എഞ്ചിനീയറിങ്ങ് കോളേജിലെ വിദഗ്ധ സമിതി നേരിട്ട് ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | (എ) | തിരുവനന്തപുരം എഞ്ചിനീയറിങ്ങ് കോളേജിലെ വിദഗ്ധ സമിതി തിരുവനന്തപുരം വനം ഡിവിഷനിലെ ജണ്ട നിർമ്മാണം പരിശോധിച്ച് നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത റിപ്പോർട്ട് എന്ന് ലഭിച്ചുവെന്നും അതിന്മേൽ സ്വീകരിച്ച തുടർ നടപടികളും വിശദീകരിക്കാമോ; ലഭിച്ചിട്ടില്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസത്തിന് ഇടയാക്കിയ കാരണങ്ങൾ വിശദീകരിക്കാമോ; | (ബി) | പ്രസ്തുത റിപ്പോർട്ട് 18/04/2022 ന് വനം വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന് ലഭിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ വെളിച്ചത്തിലും, ഇക്കാര്യത്തിൽ വനം വകുപ്പ് വിജിലൻസ് വിഭാഗം കണ്ടെത്തിയ അപാകതകളുടെ അടി സ്ഥാനത്തിലും ഗുണനിലവാരം ഇല്ലാതെ നിർമ്മിച്ച ജണ്ടകളുടെ പോരായ്മ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) വിഭാഗം 21/02/2023- ൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ) കൊല്ലത്തിന് നൽകിയിട്ടുണ്ട്. |
| (സി) | ഗുണ നിലവാരമില്ലാത്ത ജണ്ട നിർമ്മിച്ചതിലൂടെ ഉടമ്പടി ലംഘനം വരുത്തിയ കോൺട്രാക്ടർമാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി അവരുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | ജണ്ട നിർമ്മാണ പ്രവർത്തി നിർവ്വഹിച്ച കോൺട്രാക്ടർമാരുടെ നഷ്ടോത്തര വാദിത്തത്തിൽ തന്നെ അപാകത ഉണ്ടായ ജണ്ടകളുടെ പുനർനിർമ്മാണവും അറ്റകുറ്റപണികളും നടത്തിവരുന്നു. ആയതിനാൽ ജണ്ട നിർമ്മിച്ചതിലൂടെ ഉടമ്പടി ലംഘനം വരുത്തി എന്നതിന്റെ പേരിൽ കോൺട്രാകടർമാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി അവരുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ